# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1690 — 17.06.2013 ന് മറുപടിക്ക്

**കേന്ദ്രീയവിദ്യാലയങ്ങളിൽ മലയാളം നിർബന്ധിത വിഷയമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾ എഴുതുന്നതിന് മലയാളം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | 07.02.2000-ലെ സ.ഉ(അച്ചടിച്ചത്) നം.5/2000/ഉ.ഭ.പ.വ പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്തു പരീക്ഷകൾക്കും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു പേപ്പർ മലയാളത്തിൽ തന്നെ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മലയാളഭാഷയിൽ ഉദ്യോഗസ്ഥർക്കുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനാവശ്യമായ വിധത്തിൽ മാത്രം ചോദ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പത്താം ക്ലാസിനുമേൽ യോഗ്യതവേണ്ടുന്ന തസ്തികകളുടെ പരീക്ഷകൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിച്ചവർക്കും, പഠിക്കുന്ന വർക്കും പ്രസ്തുത പരീക്ഷ കൾ എഴുതാൻ കഴിയാത്തത് രക്ഷിതാക്കളിലും, വിദ്യാർത്ഥികളിലും യുവാക്ക ളിലും ഉണ്ടാക്കുന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | സംസ്ഥാന സർക്കാർ മലയാള ഭാഷയെ ഭരണഭാഷയായി നിശ്ചയിച്ചതു കൊണ്ടാണ് ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശങ്ങൾ നിലനിർത്തി കൊണ്ട് ഇപ്രകാരമൊരു ഉത്തരവു 07.02.2000–ൽ പുറപ്പെടുവിച്ചത്. ഇക്കാരണത്താൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**